# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *2

03.02.2020 ൽ മറുപടിക്ക്

## നിക്ഷേപക സംഗമങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.ജോർജ്ജ് എം. തോമസ്**<br>**ശ്രീ.കെ.യു. ജനീഷ് കുമാർ**<br>**ശ്രീ. കെ. ബാബു :** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) | വിവേചനപരമായ വിവിധ നടപടികളിലൂടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന സാഹചര്യത്തിൽ, അടിസ്ഥാന സൗകര്യ മേഖലയിലും വ്യവസായ രംഗത്തും മറ്റു വികസന മേഖലകളിലും വിദേശത്തുനിന്നുൾപ്പെടെ നിക്ഷേപം ആകർഷിക്കുന്നതിനായി ദുബായിലും കൊച്ചിയിലും വച്ചു നടത്തിയ നിക്ഷേപക സംഗമങ്ങൾ ആശാവഹമായിരുന്നോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | രാജ്യത്തെ വ്യവസായ സൗഹൃദമായ ആദ്യത്തെ അഞ്ച് സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ മാറ്റുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായി കൈകൊണ്ട നിയമ - ചട്ട പരിഷ്കാരങ്ങളും സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യങ്ങളും വിവരിക്കുന്നതുവഴി വിവിധ മേഖലകളിൽ വ്യവസായ നിക്ഷേപം നേടാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടാണ് നിക്ഷേപക സംഗമങ്ങൾ നടത്തിയത്.<br>കേരളത്തിന്റെ സമഗ്ര വികസനത്തിനായി പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിന് ദുബായിൽ പ്രവാസി വ്യവസായികളുടെ നിക്ഷേപക സംഗമം നടത്തുകയുണ്ടായി. ഗൾഫ് മേഖലയിലെ നിക്ഷേപ സമൂഹത്തിന് നിക്ഷേപ സൗഹൃദമായ കേരളത്തെ അടുത്തറിയാനും നിക്ഷേപ സാധ്യതകൾ വ്യക്തമാക്കാനുമാണ് 'എൻ.ആർ.ഐ എമർജിംഗ് എൻറർപ്രൊണേഴ്സ് മീറ്റ് ' എന്ന പേരിൽ നിക്ഷേപ സംഗമം സംഘടിപ്പിച്ചത്. |

| | | | |
|---|---|---|---|
| | | | കേരളത്തിൽ പതിനായിരം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ദുബായിലെ വ്യവസായ സമൂഹം നൽകിയത്.<br>കൊച്ചിയിൽ നടത്തിയ 'അസെൻഡ് 2020' ആഗോള നിക്ഷേപ സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തി കാണിക്കുവാനും സാധിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ ഉൾപ്പെടുന്ന 100 ൽപരം പ്രോജക്ട് പ്രൊഫൈലുകൾ അസെൻഡ് 2020 സംഗമത്തിൽ അവതരിപ്പിക്കുകയുണ്ടായി.<br>പ്രസ്തുത സംഗമത്തിൽ ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപ സാധ്യതകൾ സംബന്ധിച്ച് വ്യക്തമായ വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 32 എണ്ണം ധാരണാ പത്രങ്ങളും 117 എണ്ണം താൽപര്യ പത്രങ്ങളുമാണ്. ഇതു കൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു. പ്രസ്തുത പ്രോജക്ട് പ്രൊപ്പോസലുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിലേക്കായുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | അതിവേഗ റെയിൽപാത, വിപുലമായ റോഡ്-എയർ കണക്ടിവിറ്റി തുടങ്ങി അടിസ്ഥാന മേഖലകളിൽ ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ; | (ബി) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമി ഹൈസ്പീഡ് റെയിൽ പാതയ്ക്കായുള്ള സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം നിലവിലുള്ള പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കി.മീ. വരെ വേഗത്തിൽ ട്രെയിനുകൾ |

| | | | |
|---|---|---|---|
| | | | സഞ്ചരിക്കുന്നതിനായുള്ള പുതിയ രണ്ട് പാതകൾകൂടി വിഭാവനം ചെയ്തിട്ടുണ്ട്. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവേ, ട്രാഫിക് സർവേ, EIA പഠനം എന്നിവയും പൂർത്തിയായിട്ടുണ്ട്. മൂലധന സമാഹരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരുന്നു.<br>ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. നിർദ്ദിഷ്ട വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനവും, പരിസ്ഥിതി ആഘാത പഠനവും നടത്തുവാൻ M/s ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.<br>സംസ്ഥാനത്തെ വ്യോമ ഗതാഗതത്തിന്റെ സമഗ്രമായ വികസനം മുൻനിർത്തി 8 മുതൽ 10 സീറ്റുള്ള ഒറ്റ എഞ്ചിൻ വിമാനങ്ങൾ (Airvan) ഉപയോഗിച്ച് കേരളത്തിലെ പ്രധാന ടൂറിസ്റ്റ് |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കൊണ്ടുള്ള ചെറു വിമാന സർവ്വീസുകൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നു. കൊല്ലം ആശ്രാമം മൈതാനം, മൂന്നാർ, തേക്കടി, കൽപ്പറ്റ, ബേക്കൽ, ഗുരുവായൂർ, പാലക്കാട്, ആലപ്പുഴ ബീച്ച്, വർക്കല, കുമരകം എന്നീ സ്ഥലങ്ങളിൽ എയർ സ്ട്രിപ്പ്/ഹെലിപോർട്ട് ആണ് ലക്ഷ്യമിടുന്നത്. ആദ്യപടിയായി ബേക്കൽ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ സ്ഥലങ്ങളിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോസ്റ്റുകളായി പ്രവർത്തിക്കുന്നതിന് ഈ എയർ സ്ട്രിപ്പുകളെ റീജിയണൽ കണക്ടിവിറ്റി സ്കീം - ഉഡാനിൽ ഉൾപ്പെടുത്തണമെന്ന് വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>ദേശീയ പാത 66 4/6 വരി പാതയായി വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പുരോഗതിയിലാണ്. സ്ഥലമേറ്റെടുപ്പ് പൂർത്തിയായ പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തികൾക്കുള്ള ടെണ്ടർ നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിക്കുന്നുണ്ട്. തീരദേശ ഹൈവേ നിർമ്മാണത്തിനായി 6500 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി മുഖാന്തിരം ലഭിച്ചിട്ടുണ്ട്. സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും ഉൾപ്പെടുന്ന റോഡ് ശൃംഖല ഘട്ടംഘട്ടമായി |

| | | | |
|---|---|---|---|
| | | | ഉന്നതനിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ജപ്പാനുമായുള്ള വികസന സഹകരണ സാധ്യതകൾ ആരാഞ്ഞു നടത്തിയ വിദേശ സന്ദർശനത്തിന്റെ നേട്ടത്തെക്കുറിച്ച് വിശദമാക്കാമോ? | (സി) | മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘത്തിന്റെ ജപ്പാൻ, കൊറിയ, യു.എ.ഇ തുടങ്ങിയ രാജ്യങ്ങളിലെ സന്ദർശന വേളയിൽ ആ രാജ്യങ്ങളിലെ സാങ്കേതികവിദ്യാ കൈമാറ്റം, സാങ്കേതിക പങ്കാളിത്തം എന്നിവയുടെ സാധ്യതയും സഹകരണവും ചർച്ച ചെയ്യുകയുണ്ടായി. ജപ്പാനുമായുള്ള വികസന സഹകരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് 105 കോടി രൂപ മുതൽ മുടക്കിൽ M/s. Termo Penpol Ltd. ബ്ലഡ് ബാഗ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ 200 കോടി രൂപ M/s. Nitta Gelatin INC യുടെ വികസനത്തിനായി മുതൽമുടക്കുവാൻ ജപ്പാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. Rejuvenation clinics (Ayurveda), IT, MSME എന്നീ മേഖലകളിൽ ജപ്പാനിൽ നിന്നുള്ള നിക്ഷേപത്തിനുള്ള സാധ്യതകൾക്കും വഴി തെളിഞ്ഞിട്ടുണ്ട്. ചേർത്തലയിലുള്ള KSIDC മെഗാഫുഡ് പാർക്കിൽ seafood/marine products കൊറിയയിലേക്ക് കയറ്റുമതി ചെയ്യാനുള്ള ചർച്ചയും നടത്തിയിട്ടുണ്ട്. ഇക്കാര്യങ്ങളിൽ തുടർനടപടി ചീഫ് സെക്രട്ടറി തലത്തിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ